ഞങ്ങളോട് ബദൽ വിദ്യാഭ്യാസത്തെക്കുറിച്ച് ദയവുചെയ്ത് തർക്കിക്കരുത്. ഞങ്ങൾ ബദൽ വിദ്യാഭ്യാസത്തെക്കുറിച്ച് വാചകമടിക്കുകയല്ലായിരുന്നു.



ഫോട്ടോ : സുനിൽ സപര്യ

# ബദൽ വിദ്യാഭ്യാസം
## പ്രസക്തി, പ്രയോഗം, പ്രതിസന്ധികൾ

ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും

കേരളം ഗൗരവമായ ബദലന്വേഷണങ്ങളിലേക്ക് തിരിയാൻ തുടങ്ങുന്നത് എഴുപത്തൊമ്പതിനുശേഷമാണ്. അതിനൊക്കെ മുമ്പ് ഒറ്റയ്ക്കും തെറ്റയ്ക്കും ചില പരിശ്രമങ്ങൾ നടന്നിരുന്നു എന്നല്ലാതെ എല്ലാ ജീവിത മണ്ഡലങ്ങളിലേക്കും അത്ര വ്യാപിച്ചിരുന്നില്ല. എഴുപത്തൊമ്പതിനു മുമ്പുണ്ടായ ശ്രദ്ധേയമായ ബദലന്വേഷണത്തിന്റെ ഫലമായിരുന്നല്ലോ നക്സലൈറ്റ് പ്രസ്ഥാനം. അറുപത്തേഴിലോ അറുപത്തെട്ടിലോ തുടങ്ങിവെച്ച ആ പ്രസ്ഥാനം ഇടയ്ക്കൊന്ന് അടിച്ചമർത്തപ്പെട്ടുവെങ്കിലും എഴുപത്തെട്ട് എഴുപത്തൊമ്പതോടെ വീണ്ടും തലയുയർത്തുന്നതുകാണാം. നമ്മുടെ നാട്ടിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അപചയങ്ങളിൽനിന്നുമാണ് അത്തരമൊരു രാഷ്ട്രീയ ബദലന്വേഷണമുണ്ടാവുന്നത്. ശരിക്കും ജനകീയമായൊരു മുഖം അതിനുണ്ടായിരുന്നു. സമീപനത്തിലെ തകരാറുകൊണ്ടാവാം അത് നാമാവശേഷമായിപ്പോയി. പക്ഷെ ആ പ്രസ്ഥാനത്തിലെ പഴയകാല പ്രവർത്തകർ നിശ്ശബ്ദരല്ല. ഇന്ന് കേരളത്തെ ത്രസിപ്പിക്കുന്ന ഏതെങ്കിലുമൊരു പുതുചലനത്തിന്റെ നാമ്പെവിടെയെങ്കിലുമുണ്ടോ അതിനു പിന്നിൽ ഒരു പഴയകാല നക്സലൈറ്റിന്റെ സാന്നിദ്ധ്യവുമുണ്ട്.

ഏതാണ്ട് അക്കാലത്തു തന്നെയാണ് തനതു നാടകമെന്ന പേരിൽ നാടകരംഗത്തെ ബദലന്വേഷണം വരുന്നത്. നാടകാവതരണത്തിനു മാത്രമല്ല നാടകാസ്വാദനത്തിനും ശാസ്ത്രീയമായ പരിശീലനം വേണമെന്ന് ശാഠ്യമുള്ളവരായിരുന്നു അതിന്റെ പ്രവർത്തകർ. അതുകൊണ്ടാവാം അത് ജനങ്ങളേറ്റെടുത്തില്ല.

എൺപതോടുകൂടി ബദലന്വേഷണങ്ങളുടെ ഒരു കുത്തൊഴുക്കുതന്നെയാണുണ്ടായത്. ആ കുത്തൊഴുക്കിൽപ്പെട്ടവരാണ് ഞങ്ങളും. തുടക്കത്തിൽ ഇതൊരു ബദലന്വേഷണമാണെന്നൊന്നും ഞങ്ങൾക്കറിയില്ല. എത്രയോ കാലം പ്രവർത്തിച്ചതിനുശേഷമാണ് ഞങ്ങളും ബദൽ അന്വേഷണരംഗത്താണെന്നും ഇതുപോലെ മറ്റ് പല രംഗങ്ങളിലും ബദലന്വേഷണം നടത്തുന്നവരുണ്ടെന്നും ഞങ്ങൾ തിരിച്ചറിയുന്നത്. ആരോഗ്യരംഗത്ത് പ്രകൃതിചികിത്സകരും പ്രകൃതിസംരക്ഷണ രംഗത്ത് പരിസ്ഥിതി പ്രവർത്തകരും പ്രമുഖ പത്രങ്ങളിൽ പ്രവർത്തിച്ചിരുന്ന ചില മാദ്ധ്യമപ്രവർത്തകരും അമച്വർ നാടകരംഗത്തെ നാടകപ്രവർത്തകരും തുടങ്ങി ജീവിതത്തിന്റെ പ്രധാനപ്പെട്ട മിക്കമേഖലകളിലും ഈ ബദലന്വേഷണത്തിന്റെ മുളപൊട്ടി വളർന്നു വരുന്നുണ്ടായിരുന്നു. ഇതൊന്നും മുൻകൂട്ടിയുള്ള ധാരണ പ്രകാരമോ പരസ്പരം അറിഞ്ഞുകൊണ്ടോ തുടങ്ങിയതായിരുന്നില്ല. എങ്കിലും അവയെല്ലാം സാമൂഹ്യമാറ്റം എന്ന ഏകലക്ഷ്യത്തോടെ ഒരേ കാലത്ത് മുന്നേറുന്നവയായിരുന്നു.

കൃഷി, നാടകം, അൽപസ്വൽപം സാമൂഹ്യപ്രവർത്തനം, അദ്ധ്യാപനം ലേശം ആരോഗ്യചിന്ത എന്നിവയെല്ലാം ഞങ്ങളോടൊപ്പം എന്നുമുണ്ടായിരുന്നു. കൂട്ടത്തിൽ പരിസ്ഥിതിയെക്കുറിച്ചുള്ള പുതിയ അറിവും കൂടി കിട്ടിയപ്പോൾ ഞങ്ങളുടെ വിദ്യാഭ്യാസ ചിന്തകൾക്ക് കുറച്ചുകൂടി വിശാലമായൊരു അടിത്തറയുണ്ടായി. ക്രമേണ ഞങ്ങളുടേതായൊരു രാഷ്ട്രീയ കാഴ്ചപ്പാടും ഉരുത്തിരിഞ്ഞുവന്നു. അത് ഞങ്ങളുടെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്ക് ഉറപ്പും ബലവും നൽകി.

ഞങ്ങൾ ചരിത്രാന്വേഷകരല്ല. ചലനാത്മകമായൊരു കാലത്ത് ജീവിച്ചുപോരുന്നവരെന്ന നിലയ്ക്ക് ആ ചലനത്തിൽ ഞങ്ങളുടെ ഹൃദയമിടിപ്പുകളും ഉൾച്ചേർന്നിരുന്നു എന്നു തിരിച്ചറിയുന്നതിനാലും തിരിഞ്ഞു നോക്കുമ്പോൾ ഇത്രയും കൂടി ഞങ്ങൾ തിരിച്ചറിയുന്നു. കാലം ഞങ്ങളിലേൽപ്പിച്ചൊരു കടമയാണ് ഞങ്ങളിന്നു ചെയ്തുകൊണ്ടിരിക്കുന്നതെന്നതിന് യാതൊരു സംശയവുമില്ല. അക്കാദമികമായ ഉന്നത അറിവുകളില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയോ മതങ്ങളുടെയോ മറ്റ് സാമൂഹ്യ സംഘടനകളുടെയോ പിൻബലമില്ല. ഞങ്ങളുടെ ഉള്ളിലെരിയുന്ന തീഷ്ണവികാരങ്ങൾ മാത്രമാണ് ഞങ്ങൾക്കെന്നും കൂട്ടായിരുന്നിട്ടുള്ളത്. തുടക്കത്തിലുണ്ടായിരുന്ന സുഹൃത്തുക്കളെത്രയോ പേർ വഴി പിരിഞ്ഞു. ഇടയ്ക്ക് സഹായത്തിനെന്ന് പറഞ്ഞുവന്ന

വരും പിരിഞ്ഞുപോയി. സാമ്പത്തികമായും ആരോഗ്യപരമായും തളർന്ന സന്ദർഭങ്ങളെത്ര. വൻ പ്രസ്ഥാനങ്ങളുടെ ഭീകരാക്രമണങ്ങളിൽ എത്രയോ തവണ മുറിവേറ്റു വീണു. എങ്കിലും ഞങ്ങളിന്നുമിവിടെ നിൽപ്പുണ്ട്. കാലത്തിന് ഞങ്ങളെക്കൊണ്ട് എന്തോ കാര്യമുണ്ട്. തീർച്ച.

ബദൽ വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ (സാരംഗ്, കനവ്) പ്രസക്തിയും പ്രതിസന്ധിയുമെന്തെന്ന് ഒരാൾ ഒരഭിമുഖത്തിൽ മറ്റൊരാളോടു ചേദിച്ചിരിക്കുന്നു. ചോദ്യം സാരംഗിന്റെ പ്രവർത്തകരോടോ കനവിലെ ബേബിയോടോ ഷേർളിയോടോ അല്ല. വ്യക്തമായ ഉത്തരം ചോദ്യകർത്താവിനാവശ്യമില്ല. ഒരു പുകമറ സൃഷ്ടിച്ച് ഇവിടത്തെ വിദ്യാഭ്യാസ പരീക്ഷണങ്ങൾ ഒന്നുമല്ല എന്ന് വരുത്തിത്തീർക്കുകയാണ് കക്ഷിയുടെ ലക്ഷ്യം. അറിയാനുള്ള ആഗ്രഹമായിരുന്നെങ്കിൽ ചോദ്യം നേരെ ചോദിക്കുമായിരുന്നല്ലോ. ഈ ചോദ്യകർത്താവ് അട്ടപ്പാടിയിൽ സാരംഗിനടുത്ത് പത്തോ ഇരുപതോ കിലോമീറ്റർ അകലെ താമസിച്ചിരുന്നതുമാണ്. പത്തുപതിനഞ്ചു കൊല്ലം അവിടെ താമസിച്ചിരുന്നിട്ടും സാരംഗിൽ വന്ന് ഈ ചോദ്യം ചോദിച്ചിട്ടില്ല. അത് നേരിൽക്കണ്ട് വിലയിരുത്തിയിട്ടുമില്ല.

മറ്റൊരു പ്രശസ്തൻ ഇങ്ങനെ എഴുതുന്നു: "ഇപ്പോൾ നവസാമൂഹ്യപ്രസ്ഥാനങ്ങളുടെ ഭാഗമായി രണ്ടുതരം വിദ്യാഭ്യാസപരീക്ഷണങ്ങൾ ഇവിടെ നടക്കുന്നുണ്ട്. കനവും സാരംഗും. കനവ് അവരെക്കുറിച്ച് ഒന്നും എഴുതിയിട്ടില്ല. അനാഥരായ കുട്ടികൾക്ക് എങ്ങനെയൊക്കെ ക്രിയേറ്റീവ് ആയി വളരാമെന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് അവിടത്തെ കുട്ടികൾ. കേരളത്തിലെ ഏതു കുട്ടികളേക്കാളും മോശം സാഹചര്യങ്ങളിൽനിന്നുംവന്നവരാണവർ. പക്ഷെ കനവിന്റെ സിദ്ധാന്തം രൂപപ്പെട്ടിട്ടുണ്ട്. എന്നെ ഏറ്റവുമധികം നിരാശപ്പെടുത്തിയ ഒരു പുസ്തകമാണ് സാരംഗിലെ വിജയലക്ഷ്മി ഗോപാലകൃഷ്ണന്മാരുടെ 'താങ്ങാവുന്ന വിദ്യാഭ്യാസം' എന്ന പുസ്തകം. കാടൻമനുഷ്യരെ നാടൻമനുഷ്യരാക്കാനുള്ള പ്രക്രിയയാണ് വിദ്യാഭ്യാസം എന്നാണവർ വിദ്യാഭ്യാസത്തെ നിർവ്വചിച്ചിരിക്കുന്നത്. മനുഷ്യൻ ജന്മനാ കാടനായി ജനിച്ചുവീഴുന്നുവെന്നും മൂന്നാംലോക രാജ്യങ്ങളിലെ ജനങ്ങൾ മുഴുവൻ കാടന്മാരാണ് എന്ന വെള്ളക്കാരുടെ മുൻസങ്കൽപത്തെ അടിസ്ഥാനമാക്കിയുള്ളതാണ് സാരംഗിന്റെ പ്രവർത്തനം എന്ന് എഴുതിവച്ചിരിക്കുന്നു. ഇദ്ദേഹവും സാരംഗിൽ വന്നിട്ടേയില്ല. പ്രവർത്തനങ്ങൾ നേരിൽ കണ്ടിട്ടില്ല. പിന്നെ താങ്ങാവുന്ന വിദ്യാഭ്യാസത്തിൽ 'കാടൻ' എന്ന് പ്രയോഗിച്ചിരിക്കുന്നത് മൂന്നാം ലോകരാജ്യത്തെ ജനങ്ങളെക്കുറിച്ചാണെന്ന് മലയാളഭാഷ വായിക്കാനറിയാവുന്ന ആരും പറയില്ല. വക്രഭാഷയിൽ മലയാളമെഴുതുന്ന കുബുദ്ധികൾക്ക് പച്ചമലയാളത്തിലെഴുതിയാൽ മനസ്സിലാകണമെന്നില്ലതാനും.

ഞങ്ങളാദ്യമായാണ് ഇത്തരത്തിലെഴുതുന്നത്. എഴുതാനറിയില്ലാത്തതുകൊണ്ടല്ല. സമയമില്ല. പിന്നെ പക്കാ രാഷ്ട്രീയക്കാരെപ്പോലെ വിഴുപ്പലക്കുന്ന സ്വഭാവം നമുക്കുണ്ടാവരുതല്ലോ എന്നു കരുതി മാത്രം അടങ്ങുകയായിരുന്നു.

മേൽപ്പറഞ്ഞ രണ്ടു കുബുദ്ധി ജീവികളുടെ കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ പരിശ്രമങ്ങളും ഞങ്ങളുടെ പ്രവർത്തനങ്ങളും ഒന്നു താരതമ്യപ്പെടുത്തി നോക്കുന്നതുകൊള്ളാം. പ്രകൃതിസംരക്ഷണം എന്നുപറഞ്ഞ് ഇവരിത്തരത്തിൽ എഴുതിത്തള്ളിയ കുശുമ്പുകൊണ്ടു മാത്രം എത്രയോ മരങ്ങൾ പ്രകൃതിയിൽനിന്നും നശിച്ചിട്ടുണ്ടാകും. പ്രകൃതിയിലെ മരങ്ങൾ മുറിച്ചുണ്ടാക്കുന്ന കടലാസിൽ നന്മ എഴുതിപ്പിടിപ്പിക്കാൻ ഈ 'പ്രകൃതി സംരക്ഷണ-പരിസ്ഥിതി പ്രവർത്തകർ' ശ്രമിച്ചാൽ നന്ന്.

സാരംഗിൽ പുനർജ്ജനിച്ച ഒരുറവയുണ്ട്. പ്രകൃതി വളർത്തിയെടുത്തൊരു കാടുണ്ട്. ഇരുപത്തിയാറു വർഷം പഴക്കമുള്ള പ്രകൃതി കൃഷി രീതിയുണ്ട്. മണ്ണ് സംരക്ഷണ പ്രവർത്തനമുണ്ട്. പ്രകൃതിക്കിണങ്ങിയ സാരംഗ് മോഡൽ ചെക്ക് ഡാമുണ്ട്. ഞങ്ങളുടെ കാടൻ രീതിയിലുള്ള നീർക്കുഴികളുണ്ട്. ഇതും ഇതുപോലൊരു നൂറുകൂട്ടം കാര്യങ്ങളുമുൾക്കൊള്ളുന്നൊരു വിദ്യാഭ്യാസപദ്ധതിയും ഞങ്ങൾക്കുണ്ട്. ഈ കുബുദ്ധിജീവികൾക്കോ അവർ ചൂണ്ടിക്കാണിക്കുന്ന മറ്റാർക്കെങ്കിലുമോ ഇത്തരമൊരു സമഗ്രപരീക്ഷണമോ സമഗ്ര വിദ്യാഭ്യാസദർശനമോ ചൂണ്ടിക്കാട്ടാനാവുമോ? എന്തിനാണീ നിഴൽയുദ്ധം? സ്വന്തം മക്കളെ മുഖ്യധാരാ വിദ്യാഭ്യാസത്തിനുവിട്ട് ഇവിടത്തെ ഏതൊരു ബൂർഷ്വാസിയേയും പോലെ മക്കളുടെ ഭാവി സുരക്ഷിതമാക്കിയിട്ട് ഞങ്ങളോട് ബദൽ വിദ്യാഭ്യാസത്തെക്കുറിച്ച് ദയവുചെയ്ത് തർക്കിക്കരുത്. ഞങ്ങൾ ബദൽ വിദ്യാഭ്യാസത്തെക്കുറിച്ച് വാചകമടിക്കുകയല്ലായിരുന്നു. ഞങ്ങളുടെ മക്കൾ ഞങ്ങൾ വിശ്വസിക്കുന്ന ബദൽ വിദ്യാഭ്യാസത്തിലൂടെ തന്നെ പഠിച്ചുകയറിയതും ഇപ്പോൾ പഠിച്ചുകയറുന്നതും. പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമെന്ന മൂന്നാംകിട പണിയല്ല ഞങ്ങൾ ചെയ്യുന്നത്.

ബദൽ വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ പ്രസക്തിയും പ്രയോഗസാദ്ധ്യതകളും പ്രതിസന്ധികളും നിങ്ങളന്വേഷിച്ചു കിട്ടിയില്ലല്ലോ. ഇതൊരു കീറാമുട്ടിയായിട്ട് ഞങ്ങൾക്ക് തോന്നിയിട്ടേയില്ല. ഈ മറുപടി കുബുദ്ധി ജീവികൾക്കുള്ളതല്ല. പൊതുജനങ്ങൾക്കിടയിൽ ഉണ്ടായേക്കാവുന്ന സംശയങ്ങൾ നീക്കുന്നതിനു വേണ്ടി മാത്രമാണ്. ഉറക്കം നടിച്ചുകിടക്കുന്ന നിങ്ങൾക്ക് ഉത്തരമല്ല വേണ്ടത്. ഉത്തരം ഇടിഞ്ഞു പറിഞ്ഞ് നിങ്ങളുടെ തലയ്ക്കുമീതെ വീണാലും നിങ്ങൾ ആ കിടപ്പു കിടക്കുകയേ ഉള്ളൂ. അതുകൊണ്ട് ഞങ്ങളുടെ ഉത്തരമിതാണ്.

ഞങ്ങൾ സർവ്വാത്മനാ ജയിപ്പിച്ചുവിട്ട ജനപ്രതിനിധികളുണ്ടാക്കിയ സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടപ്പോഴാണ് നമ്മുടെ നാട്ടിൽ ബദലുകൾ മുളപൊട്ടിയത്. ഇന്ന് വിദ്യാഭ്യാസം കച്ചവടമായിപ്പോയി. പാർട്ടി വളർത്താനും മതം വളർത്താനും പണമുണ്ടാക്കാനും മാത്രമാണ് ഇന്നത്തെ വിദ്യാഭ്യാസ പ്രവർത്തനം.

യഥാർത്ഥത്തിൽ ബദൽ വിദ്യാഭ്യാസമെന്നൊരു വിദ്യാഭ്യാസമേയില്ല. താൽക്കാലികമായി മാത്രം ഉപയോഗിക്കാനുള്ളൊരു പേരുമാത്രമാണത്.

*(തുടരും)*

വെള്ളാഞ്ചിറ പി.ഒ., ചാലക്കുടി, തൃശൂർ